(എ) എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരായി 1998 മുതൽ നിയമനം ലഭിച്ചവർക്ക് പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് നാളിതുവരെയും ആരംഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പി.എഫ്. തുടങ്ങുന്നതിന് തടസ്സമായി നിൽക്കുന്നതെന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) പി.എഫ്. അക്കൗണ്ട് തുടങ്ങുന്നതിന് ഹയർ സെക്കണ്ടറി വകുപ്പിൽ നിന്നോ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നോ എന്തെങ്കിലും അനുമതിയോ ഉത്തരവോ ആവശ്യമുണ്ടോ ;

(ഡി) എങ്കിൽ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ ;

(ഇ) മേൽപ്പറഞ്ഞ വിഭാഗം അദ്ധ്യാപകർക്ക് പി.എഫ്. അക്കൗണ്ട് എത്രയും വേഗം തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഇ) ഇത് സംബന്ധിച്ച് സ്കീമിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ പി.എഫ്. റൂൾസിൽ വരുത്തേണ്ടതായ ചില ദേഭഗതികൾ സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ എത്രയും വേഗം തീരുമാനമെടുത്ത് പി. എഫ്. പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പുതിയ തസ്തികകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം

175 (2901) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ആകെ എത്ര സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളാണ് നിലവിലുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ മാത്രമായി എത്ര അനദ്ധ്യാപകരാണ് ജോലി ചെയ്യുന്നതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഹൈസ്കൂളുകൾക്ക് ഹയർ സെക്കണ്ടറി അനുവദിച്ചപ്പോൾ അനദ്ധ്യാപകരുടെ എത്ര പോസ്റ്റുകൾ വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ ഇവ അനുവദിക്കാൻ കഴിയാത്തതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ ;

(ഇ) തസ്തികകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കഴിഞ്ഞ 40 മാസക്കാലമായി എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജോലി ചെയ്തുവരുന്ന ലാബ് അറ്റൻഡർമാർക്ക് ശമ്പളം ലഭിച്ചിട്ടില്ലാ എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഇവർക്ക് ശമ്പളം നൽകാൻ കഴിയാത്തതിന്റെ കാരണമെന്താണെന്ന് വിശദീകരിക്കുമോ ;

(എച്ച്) ഇവരുടെ നിയമനങ്ങൾക്ക് അംഗീകാരം നൽകുവാൻ വൈകുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(ഐ) ഇവരുടെ നിയമനങ്ങൾ അംഗീകരിച്ച് ഇവർക്ക് ശമ്പളം നൽകുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 416 ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളും, 508 എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളുമാണുള്ളത്.

(ബി) എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരായി 124 ലാബ് അറ്റൻഡൻമാർക്ക് മാത്രമാണ് നിയമന അംഗീകാരം ലഭിച്ചിട്ടുള്ളത്.

(സി&ഡി) അദ്ധ്യാപകേതര തസ്തികയായി ഹയർ സെക്കണ്ടറി സ്കൂളുകളിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ലാബ് അറ്റൻഡർ തസ്തിക മാത്രമാണ്. 22 ഗവൺമെന്റ് സ്കൂളുകളിലായി 88 ലാബ് അറ്റൻഡർ തസ്തികകളും 31 എയ്ഡഡ് സ്കൂളുകളിൽ 124 ലാബ് അറ്റൻഡർ തസ്തികകളും 2003 മാർച്ച് വരെ നിലവിലുണ്ടായിരുന്നു. കൂടാതെ 28-3-2003-ലെ ഗവൺമെന്റ് ഉത്തരവ് ജി. ഒ. (എം.എസ്.) 79/2003/പൊവിവ പ്രകാരം സയൻസ് ബാച്ചുകളുള്ള സ്കൂളിൽ രണ്ട് ലാബ് അസിസ്റ്റന്റ് എന്ന കണക്കിൽ ഗവൺമെന്റ് സ്കൂളുകളിൽ 730-ഉം എയ്ഡഡ് സ്കൂളുകളിൽ 942 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ഇ) തസ്തികകളുടെ ആവശ്യകത ആണ് പ്രധാന മാനദണ്ഡം.

(എഫ്-ഐ) ഉണ്ട്. 28-3-2003-ലെ ഗവൺമെന്റ് ഉത്തരവ് ജി. ഒ. (എം.എസ്.) 79/2003/പൊവിവ. പ്രകാരം സയൻസ് ബാച്ചുകളുള്ള ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ രണ്ട് ലാബ് അസിസ്റ്റന്റ് എന്ന കണക്കിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികകളിൽ നിയമനം നടത്തി നിയമനാംഗീകാരത്തിന് ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഇവരുടെ നിയമനം അംഗീകരിച്ച് ഹയർ സെക്കണ്ടറി ഡയറക്ടർ ഉത്തരവാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly